www.FirstRanker.com www.FirstRanker.com

**Total No. of Pages** : 3

Register Number :

**5004**

Name of the Candidate :

**B.A./B.Sc./B.Music/B.Dance/B.C.A./B.F.A./B.F.T.T. DEGREE EXAMINATION MAY 2015.**

**(MALAYALAM)**

**(FIRST YEAR)**

**(PART I)**

**514/113 — POETRY AND GRAMMAR**

Time : Three hours Maximum : 100 marks

## SECTION A

താഴെ കൊടുത്തിട്ടുള്ള നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4 × 15 = 60)**

1\. (a) പരശുരാമൻ എന്ന കഥാപാത്രത്തെ അപഗ്രഥിക്കുന്നതിൽ ബാലാമണിയമ്മ എത്രത്തോളം കാവ്യനീതി പുലർത്തിയിട്ടുണ്ടെന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) കവിയുടെ വ്യക്തിജീവിതത്തിനും കാവ്യജീവിതത്തിനും സഫലമീയാത്ര എന്ന വിശേഷണം യോജിക്കുന്നുണ്ടോ? പരിശോധിക്കുക.

2\. (a) ജീവിച്ചിരിക്കുന്ന പുത്രനായ് കണ്ണുനീർ മൂന്നാമതും വീഴ്ത്തി നിന്നൂ പിതാവയാൾ - ഇത്തരമൊരു സാഹചര്യമുണ്ടാകാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) പെങ്ങൾ എന്ന കവിതയിലെ അനുജന്റെ സ്വഭാവത്തിന് സംഭവിച്ച പരിണതിയെന്ത്?

3\. (a) അനാദ്യന്തവും അത്ഭുതകരവുമായ പ്രപഞ്ച ജീവിതത്തെ കവി 'കളിയച്ഛനി'ൽ ആരോപിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'അമ്പലമണി' ഒച്ച വേറിട്ട് കേൾപ്പിക്കുന്ന കവിയുടെ സ്വരമാണ് - സമർത്ഥിക്കുക.

4\. (a) 'ഹിമാലയൻ പണയ'ത്തിലടങ്ങുന്ന ആക്ഷേപഹാസ്യമെന്ത്?

അല്ലെങ്കിൽ

(b) 'സഹ്യന്റെ മകൻ' എന്ന കവിതയിലെ അമ്പലമുറ്റത്തിന്റെ വർണ്ണന സംഗ്രഹിച്ചെഴുതുക.

www.FirstRanker.com

## SECTION B

**(4 × 5 = 20)**

5. ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

(a) 'തലയിൽച്ചവിട്ടുന്ന കാലിലീശനെക്കണ്ട
ബലവദ്വിനയത്തിൻ സൗമ്യമൂർത്തി....'
- ആര്? സൂചിതകഥയെന്ത്?

(b) തോടിന്നലയാഴിയായ കലവറ
തോടയം തേടുമരങ്ങിന്നണിയറ
- വ്യാഖ്യാനിക്കുക.

(c) പിച്ചിച്ചീന്തിയ പോലെ തോന്നീ
പെണ്ങൾക്കഞ്ചിത ജീവിത ചിത്രം
- എന്തുകൊണ്ട്?

(d) സഞ്ചരിക്കുകയാണാസ്സാഹസി, സങ്കല്പത്തിൽ
വൻചെവികളാം പുള്ളിസ്വാതന്ത്ര്യപത്രം വീശി
- വിശദമാക്കുക.

(e) 'മുതൽ തിരിച്ചടയ്ക്കുവാനിന്ത്യ തന്നെ വില്ക്കുമോ?'
- വിവക്ഷിതമെന്ത്?

(f) എത്ര കൊഴുത്ത ചവർപ്പുകൾ കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തി തൻ ശർക്കര നുണയുവാൻ
- ഈ തിരിഞ്ഞു നോട്ടത്തിന്റെ പ്രസക്തിയെന്ത്?

(g) പുത്തൻകഥയാക്കി മാറ്റണം നമ്മുടെ
പുസ്തകത്തിൽ പുഴു കേറാതെ നോക്കണം
- ഇതിലടങ്ങിയിരിക്കുന്ന പരിഹാസമെന്ത്?

www.FirstRanker.com

## SECTION C

**(5 × 2 = 10)**

6. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരം എഴുതുക.

(a) വിഭക്തി എന്നാലെന്ത്?

(b) മലയാള വിഭക്തികളുടെ പേരെഴുതുക.

(c) മലയാള വിഭക്തികളുടെ പ്രത്യയങ്ങൾ ഏതെല്ലാം?

(d) സന്ധി എന്നാൽ എന്ത്?

(e) സമാസം എന്നാൽ എന്ത്?

(f) പുലിക്കുട്ടി, പുലിമട - ഈ വാക്കുകളിലെ സന്ധികാര്യം എഴുതുക.

(g) ബഹുവ്രീഹി, തൽപുരുഷൻ - എന്നിവ വിവരിച്ച് ഉദാഹരിക്കുക.

www.FirstRanker.com www.FirstRanker.com

## SECTION D

**(5 × 2 = 10)**

7. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

(a) കാകളിയും മഞ്ജരിയും താരതമ്യം ചെയ്യുക.

(b) സ്രഗ്ദ്ധരയുടെ ലക്ഷണമെഴുതുക.

(c) തരംഗിണി - ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

(d) മന്നവേന്ദ്രാ വിളങ്ങുന്നു

ചന്ദ്രനെപ്പോലെ നിൻമുഖം!

- ഏത് അലങ്കാരത്തിന്റെ ലക്ഷ്യമാണിത്? ലക്ഷണമെഴുതുക.

(e) അതിശയോക്തി എന്നാൽ എന്ത്?

(f) ശ്ലേഷം - വിവരിക്കുക.

(g) ദൃഷ്ടാന്തം, ദീപകം - താരതമ്യം ചെയ്യുക.

---

www.FirstRanker.com



www.FirstRanker.com